(*b*) Yes.
(*c*) The matter has been recorded.
(*d*) Yes.
(*e*) No. The circular was issued by the Assistant Inspector on the authority of a notice issued by the Division Inspector of Schools.

പരീക്ഷകൾ

*൯൯൭. (൯൨) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ അധികാരത്തിൽ നടത്തുന്ന എല്ലാ പരീക്ഷകൾക്കും പാർട്ട് സിസ്റ്റം അനുവദിച്ചിട്ടില്ലെന്നും അതിനുള്ള കാരണമെന്തെന്നും പറയുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പാർട്ട് സിസ്റ്റം അനുവദിച്ചിട്ടില്ലാത്ത പരീക്ഷകൾ

൧. സംസ്കൃതം പ്രവേശനം.
൨. മഹോപാധ്യായ (പ്രിലിമിനറിയും ഫൈനലും).
൩. സാഹിത്യവിശാരദ.
൪. വിദ്വാൻ (തമിഴും ഹിന്ദിയും).
൫. ബി. എ./ബി. എസ്സ്. സി. ഓണേഴ്സ് (പ്രിലിമിനറിയും ഫൈനലും).
൬. എം. എ./എം. എസ്സ്. സി.
൭. നിയമപരീക്ഷ (ആദ്യവർഷം).
൮. ബി. എൽ. പരീക്ഷ.
൯. എഞ്ചിനീയറിംഗിലും, ടെക്സ്റ്റൈയിൽ ടെക്നോളജിയിലും ഉള്ള ഡിപ്ലോമാ പരീക്ഷകൾ.
൧൦. ബി. എസ്സ്. സി. (എഞ്ചിനീയറിംഗ് ഡിഗ്രി പരീക്ഷ).
൧൧. ബി. ടി. ഡിഗ്രി പരീക്ഷ.
൧൨. മുതുക്കെഴത്തിലും ടൈപ്പ്റൈറ്റിംഗിലും ഉള്ള ഡിപ്ലോമാ പരീക്ഷകൾ.
൧൩. എം. എൽ. ഡിഗ്രി പരീക്ഷ.

ഈ പരീക്ഷകൾക്കുള്ള ഉപവിഷയങ്ങളെ വേർതിരിച്ച് പാർട്ട് സിസ്റ്റം ഏർപ്പെടുത്തുന്നതിനോട് ഫാക്കൽറ്റികൾ അനുകൂലിക്കുന്നില്ല.

റേഷൻ വിതരണം

*൯൯൮. (൯൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ റേഷനിന്റെ എത്ര ശതമാനം കൊടുക്കുന്നു;
(ബി) തിരുവിതാംകൂറിൽ എത്ര ശതമാനം കൊടുക്കുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) & (ബി) കൊച്ചിയിലും തിരുവിതാംകൂറിലും റേഷനിന്റെ മുഴുവൻ ശതമാനവും കൊടുക്കുന്നുണ്ട്. എന്നാൽ ആഗസ്റ്റിലും സെപ്റ്റംബർ ആദ്യത്തിലും പുറമേനിന്ന് അരി വരവു കുറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പോയതിനാൽ അതാതു താലൂക്കിൽനിന്നു വാങ്ങുന്ന നെല്ലും ഡിപ്പോകളിൽ ഉണ്ടായിരുന്ന അരിയും കൂട്ടിയാണു റേഷൻ കൊടുത്തിരുന്നതു്. നെല്ല കൂടുതൽ വാങ്ങാത്ത താലൂക്കുകളിൽ മുഴുവൻ റേഷൻ കൊടുക്കുവാൻ സാധിച്ചിട്ടില്ല.

അരി

*൯൯൯. (൯൪) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആഗസ്റ്റു്മാസത്തിലേക്കു തിരുവിതാംകൂറിലും കൊച്ചിയിലും എത്ര അരിവീതം കിട്ടിയെന്നു പറയുമോ;

(ബി) കൊച്ചിയിൽ സംഭരിച്ചിട്ടുള്ള നെല്ല തിരുവിതാംകൂറിലേക്കും തിരുവിതാംകൂറിൽ സംഭരിച്ചിട്ടുള്ള നെല്ല കൊച്ചിയിലേക്കും ആവശ്യത്തിനു വിനിയോഗിച്ചിട്ടുണ്ടോ;

(സി) സെൻട്രൽ ഗവൺമെണ്ടിൽനിന്നും തിരുവിതാംകൂറിനും കൊച്ചിക്കും അരി തരുന്നതു പ്രത്യേകം പ്രത്യേകം കോട്ടായായിട്ടും പ്രത്യേകം കണക്കിലുമാണോ, അതോ ഒന്നായിട്ടാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ആഗസ്റ്റുമാസം സംസ്ഥാനത്തിലേക്കു കോട്ടാ അനുവദിച്ചിരുന്നില്ല. എന്നാൽ ആ മാസത്തിനുമുമ്പു് അനുവദിച്ചിരുന്ന കോട്ടായിൽനിന്നും ൪൭,൫൭൫ ടൺ അരി ആഗസ്റ്റുമാസത്തിൽ സംസ്ഥാനത്തിൽ എത്തിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഒന്നായിട്ടാണു്.

നെല്ലെടുപ്പു സംബന്ധിച്ചു നിർദ്ദേശം

*൯൦൦൦. (൯൬) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറിൽ നെല്ലെടുക്കുന്നതിനെ സംബന്ധിച്ചു് ഇൻഡ്യാഗവൺമെണ്ടു വല്ല നിർദ്ദേശവും തന്നിട്ടുണ്ടോ;

(ബി) തിരുവിതാംകൂറിലും കൊച്ചിയിലുംനിന്നു് എത്ര നെല്ലുവീതം എടുക്കണമെന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) നെല്ലെടുപ്പു കൂടുതൽ കാര്യക്ഷമമാക്കണമെന്നല്ലാതെ വേറെ നിർദ്ദേശം തന്നിട്ടില്ല.

(ബി) ഇല്ല.

ഡെൽഹി കാൺഫറൻസു്

*൯൦൦൧. (൯൭) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പല പ്രോവിൻസുകളേയും സ്റ്റേറുകളേയും അപേക്ഷിച്ചു തിരുവിതാംകൂർ–കൊച്ചിയിൽ ഭക്ഷ്യസാധനങ്ങൾ വളരെ കുറവാണെന്നു സെൻട്രൽ ഗവൺമെണ്ടിനെ ധരിപ്പിച്ചിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly